LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ സ്ഥാപിക്കാൻ നടപടി

175. [168] ശ്രീ. എസ്. ദാമോദരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ആര്യാട് പഞ്ചായത്തിൽ 1973-ൽ അനുവദിച്ച ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പഞ്ചായത്തിൽ നിന്നും നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇതുവരെ സ്ഥാപിച്ചിട്ടില്ല എന്ന കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുമോ ;

(ബി) അനുവദിച്ചിട്ട് മൂന്നു വർഷത്തിലേറെയായ പ്രസ്തുത ലൈനുകൾ ഉടനെ സ്ഥാപിക്കുന്നതിനുവേണ്ട സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) ബോർഡിന്റെ ഇപ്പോഴത്തെ നയമനുസരിച്ച് സ്ട്രീറ്റ്ലൈറ്റിനാവശ്യമായ ലൈൻവലിക്കുന്നതിനുള്ള ചെലവു വഹിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾ തയ്യാറായി വന്നെങ്കിൽ മാത്രമേ ചെയ്തു കൊടുക്കുകയുള്ളൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് അതിന് തയ്യാറല്ല. അതുകൊണ്ട് മേൽ നടപടി സ്വീകരിച്ചിട്ടില്ല.

ലക്ഷം വീട് പദ്ധതിപ്രകാരം ഒരു വീടുപോലും പൂർത്തിയായിട്ടില്ലാത്ത പഞ്ചായത്ത്

176. [169] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലക്ഷം വീട് പദ്ധതി അനുസരിച്ച് ഒരു വീടുപോലും ഇതുവരെയായിട്ടും പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുള്ള പഞ്ചായത്തുകൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം പഞ്ചായത്തുകൾ ആണെന്നും ആ പഞ്ചായത്തുകളിലെ പ്രസിഡൻറുമാർ ഏതു കക്ഷികളിൽപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഒരു വീടുപോലും പൂർത്തിയാക്കാൻ സാധിക്കാത്ത പഞ്ചായത്തുകൾ ഇല്ല. പാലക്കാട് ജില്ലയിലെ നെല്ലിയാംപതി പഞ്ചായത്തു പ്രദേശം പ്രധാനമായും ഒരു വനപ്രദേശമായതുകൊണ്ട് അവിടെ പദ്ധതി നടപ്പാക്കുന്നതിൽ അടിമുഖീകരിക്കേണ്ടി വരുന്ന പ്രയാസം പരിഗണിച്ച് സ്ഥലം പാങ്ങിയില്ല.

ആലപ്പുഴ ജില്ലയിൽ കുമാരപുരം പഞ്ചായത്തു പ്രദേശത്ത് ലക്ഷംവീട് പദ്ധതിയനുസരിച്ചുള്ള വീടുകൾ ഒന്നുംതന്നെ പണിതിട്ടില്ല. ബാക്കി വിവരങ്ങൾ ശേഖരിച്ചു വരുന്നു.